ഉംനാടൻ ജില്ലകളിൽ മത്സ്യത്തൊഴിലാളികൾക്കായി അനുവദിച്ച വീടുകൾ ഇതിൽ ഉൾപ്പെടുന്നില്ല.

(ബി) ദേശീയ ഭവന നിർമ്മാണ പദ്ധതിപ്രകാരം 1,445 വീടുകളും, സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം 2,452 വീടുകളും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ് സൊസൈറ്റിയുടെ പ്രവർത്തനം

111 [2721] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള തീര കടലിലെ മൽസ്യസമ്പത്ത് വളർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഫിഷറീസ് റിസോഴ്സ് മാനേജ്മെൻറ് സൊസൈറ്റി എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത സൊസൈറ്റിയുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇതുമൂലം മൽസ്യമേഖലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരക്കടലിലെ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൽസ്യങ്ങളുടെ ആവാസപ്രജനന കേന്ദ്രങ്ങളിൽ കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ഫിർമ നടപ്പിലാക്കിവരുന്നു. ഇതിലേക്കായി ഒരു കണ്ടൽ വനം നഴ്സറി 15 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. മത്സ്യ വിഭവ സമ്പത്തിൻെറ സംരക്ഷണം, മൂല്യവർദ്ധനം, വിപണനം എന്നിവയെ ലക്ഷ്യമാക്കി ഒരു സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സൊസൈറ്റിയുടെ നടത്തിപ്പിനായി പ്രതിവർഷം 15 ലക്ഷം രൂപ വീതം ചെലവു വരുന്നു.

ഫിർമയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആദ്യമായി മറൈൻ മത്സ്യവിത്തുൽപ്പാദനത്തിനായി ഒരു ഹാച്ചറി ആരംഭിച്ചു കഴിഞ്ഞു. അലങ്കാര മൽസ്യ ഉൽപ്പാദനത്തിനും വിപണനത്തിനുമായി ഉംനാടൻ മൽസ്യത്തൊഴിലാളി വനിതകൾക്ക് പരിശീലനം നൽകിവരുന്നു. എം.പി.ഇ.ഡി.എ.യുമായി ചേർന്ന് സംസ്ഥാനത്ത് ഒരു അക്വാ പാർക്ക് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ നദികളിലെയും കായലുകളിലെയും വംശനാശം നേരിടുന്ന മൽസ്യങ്ങളെക്കുറിച്ചും അവയെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തിവരുന്നു. മത്സ്യനയത്തിൻെറ ഭാഗമായി തീരദേശത്ത് കണ്ടൽ കാട് വച്ചു പിടിപ്പിക്കുന്നതിന് 234 ലക്ഷം രൂപയുടെ പ്രോജക്ട് കേന്ദ്രാനുമതിക്കായി ഫിർമ നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിലേർപ്പെട്ടിട്ടുള്ള ബോട്ടുകളുടെയും വള്ളങ്ങളുടെയും എണ്ണം

112 [2722] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. കാർത്തികേയൻ:
,, ഇ. എം. അഗസ്തി:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly